# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 3

# വാർത്താക്കുറിപ്പ്

---

## അപേക്ഷ തീയതി നീട്ടി

നാലാം സെമസ്റ്റർ (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ മാർച്ച് അഞ്ചുവരെയും 525 രൂപ പിഴയോടെ ആറുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം. നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. പരീക്ഷയുടെ അപേക്ഷ തീയതിക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/312/2020)

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ്‌സി./ എം.കോം/ എം.സി.ജെ./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി, 2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് ആറുവരെയും 525 രൂപ പിഴയോടെ ഏഴുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഒൻപതുവരെയും അപേക്ഷിക്കാം. 2017 മുതൽ അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനായി അപേക്ഷിക്കണം. 2017ന് മുമ്പുള്ള അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനായി ഫീസടച്ച് അപേക്ഷ സർവകലാശാലയിൽ നേരിട്ട് സമർപ്പിക്കണം. എം.എസ്‌സി. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 8 (പരീക്ഷ വിഭാഗം), എം.എ./എം.കോം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരീക്ഷ വിഭാഗം), എം.എസ്‌സി./എം.സി.ജെ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 12 (പരീക്ഷ വിഭാഗം), എം.എസ്.ഡബ്ല്യു./എം.എം.എച്ച്./എം.ടി.എ. ആന്റ് എം.ടി.ടി.എം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ വിഭാഗം) എന്നിവർക്കാണ് അപേക്ഷ നൽകേണ്ടത്. ഇംപ്രൂവ്‌മെന്റ് വിദ്യാർഥികൾക്കും അപേക്ഷിക്കാം. പരീക്ഷ തീയതി പിന്നീട്.

(പി.ആർ.ഒ/39/313/2020)

## അപേക്ഷ തീയതി

ഒന്ന് മുതൽ ആറുവരെ സെമസ്റ്റർ എം.സി.എ. (2011, 2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 16 വരെയും 525 രൂപ പിഴയോടെ 17 വരെയും 1050 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിദ്യാർഥികൾ 5250 രൂപ മേഴ്‌സി ചാൻസ് ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/314/2020)

## പ്രാക്ടിക്കൽ

ഒന്നും രണ്ടും വർഷ ബി.എഫ്.എ. പരീക്ഷയുടെ പ്രാക്ടിക്കൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്‌സിൽ മാർച്ച് ഒൻപതു മുതൽ ഏപ്രിൽ ഏഴുവരെ നടക്കും.

(പി.ആർ.ഒ/39/315/2020)

## പി.ജി. സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാം

ഒന്നാം സെമസ്റ്റർ പി.ജി. സി.എസ്.എസ്. 2017 അഡ്മിഷൻ വിദ്യാർഥികളുടെ സപ്ലിമെന്ററി പരീക്ഷയ്ക്ക് സർവകലാശാല വെബ്‌സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. Exam Registration എന്ന ലിങ്ക് മുഖേന അക്കൗണ്ട് ക്രിയേറ്റ് ചെയ്ത് ലോഗിൻ ചെയ്ത് സപ്ലിമെന്ററി രജിസ്‌ട്രേഷൻ ലിങ്ക് വഴി പേപ്പറുകൾ തിരഞ്ഞെടുത്ത് ഫീസടച്ച് രജിസ്‌ട്രേഷൻ പൂർത്തിയാക്കാം. 2018 അഡ്മിഷൻ വിദ്യാർഥികൾ കോളേജ് മുഖേന ഫീസടച്ച് രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 0481-2732280, ഇമെയിൽ: examregistration@mgu.ac.in.

(പി.ആർ.ഒ/39/316/2020)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യത: സർവകലാശാല അംഗീകരിച്ച കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഷയങ്ങളിൽ (എം.എസ്സി., എം.സി.എ., എം.എസ്., എം.ടെക്, എം.ഇ.) 50 ശതമാനത്തിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദം. താല്പര്യമുള്ളവർ അസൽ രേഖകളുമായി മാർച്ച് ഒൻപതിന് രാവിലെ 10ന് നേരിട്ട് എത്തണം. ഫോൺ: 0481-2731037.

(പി.ആർ.ഒ/39/317/2020)

## പരീക്ഷഫലം

2019 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്. - മോഡൽ 1, 2, 3 - 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/318/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ